# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2642 12.03.2018 -ൽ മറുപടിക്ക്

**സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി | പ്രൊഫ.സി.രവീന്ദ്രനാഥ് ( വിദ്യാഭ്യാസ വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ | സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ; | എ | സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കന്നതിലേയ്ക്ക് വിദ്യാഭ്യാസ വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരിശീലനം നൽകുന്നതിന് സർക്കാർ സ്കൂളുകളിൽ പി.എസ്.സി വഴി മുഴുവൻ തസ്തികകളിലും നിയമനം നടത്തുകയും ആയതിനു പുറമേ കായിക അദ്ധ്യാപക തസ്തികകളില്ലാത്ത സ്കൂളുകളിൽ എസ്.എസ്.എ വഴി പാർട്ട്ടൈം കായിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇതിനു പുറമേ എല്ലാ കുട്ടികൾക്കും യോഗാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. അടുത്ത അദ്ധ്യയന വർഷം മുതൽ മാന്വൽ പരിഷ്കരിച്ച് പുതിയ കായിക ഇനങ്ങൾ കൂടി ഉൾപ്പെടുത്തി കുട്ടികൾക്ക് കൂടുതൽ അവസരം ഒരുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് തയ്യാറെടുക്കുന്നു.<br>കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വേണ്ടി 'കായികക്ഷമത മിഷൻ' എന്ന പദ്ധതി ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | നടത്തിപ്പിനായി കേരള സമൂഹത്തെ 1. നഴ്സറി മുതൽ നാലാം ക്ലാസ്സ് വരെയുള്ള വിദ്യാർഥികൾ 2. അഞ്ചാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർഥികൾ 3. യൂണിവേഴ്സിറ്റി തലം 4. യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായത്തോടു കൂടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.<br><br>സ്കൂൾ വിദ്യാർത്ഥികളുടെ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിനായി കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ പ്ലേ ഫോർ ഹെൽത്ത്, സ്വിം ആന്റ് സർവൈവ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു |
| ബി | ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽപ്പെട്ട മൂന്നർക്കോട് സർക്കാർ ഹയർസെക്കണ്ടറി സ്കൂളിൽ കായികരംഗത്തെ മുന്നേറ്റത്തിനായി ഗെയിംസ് വിഭാഗത്തിൽ മൂന്ന് വിഭാഗം കോർട്ടുകൾ ഒന്നിച്ച് പ്രവർത്തിക്കുന്നതിനുള്ള ക്ലസ്റ്റർ കോർട്ട് സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ? | ബി | ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ